നമ്പർ. സി.ഇ./ഭരണം/പി.എൽ.എ/1001/05 Part III

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് വകുപ്പ്
നിരത്തുകളും പാലങ്ങളും & ഭരണവും
തിരുവനന്തപുരം
തീയതി. 16/12/2017

പ്രേഷിതൻ

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ
കെട്ടിട വിഭാഗം /നിരത്തുകളും പാലങ്ങളും/ ദേശീയ പാത
പൊതുമരാമത്ത് വകുപ്പ്

സർ,

വിഷയം : പൊ.മവ - കെട്ടിട വിഭാഗം, നിരത്തുകളും പാലങ്ങളും, ദേശീയ പാത ആർക്കിടെക്ചറൽ വിഭാഗങ്ങളിൽ ഔദ്യോഗിക വാഹനങ്ങൾ ഇല്ലാത്ത ഉപ വിഭാഗം ഓഫീസുകളിൽ വാഹനങ്ങൾ മാസ വാടകയ്ക്ക് എടുക്കുന്നത് - മാസ വാടക തുക - സംബന്ധിച്ച്.

സൂചന : 1. എറണാകുളം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് നമ്പർ 2-296/01.

2 ഉത്തരവ് നമ്പർ .സി.ഇ/ഭരണം/പി.എൽ.എ/1001/05 പാർട്ട് III തീയതി 12/10/2017

*****

സൂചന (2) പ്രകാരം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും, കെട്ടിടം,ദേശീയപാത എന്നീ വിഭാഗങ്ങളിൽ നിലവിൽ ഔദ്യോഗിക വാഹനങ്ങൾ ഇല്ലാത്ത ഉപ വിഭാഗ കാര്യാലയങ്ങളിൽ വാഹനങ്ങൾ മാസ വാടകയ്ക്ക് എടുക്കുന്നതിനായി 3054/80-004-92 എന്ന ശീർഷകത്തിൽ 1,03,96,000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ശീർഷകം നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ ശീർഷകമായതിനാൽ കെട്ടിട വിഭാഗങ്ങൾക്കും ദേശീയപാതാ വിഭാഗത്തിനും വാഹനത്തിന്റെ വാടക നൽകുവാൻ ബുദ്ധിമുട്ടുള്ളതായി മനസ്സിലാക്കുന്നു. ആയതിനാൽ ദേശീയപാത, കെട്ടിട വിഭാഗം ജില്ലാതല ഓഫീസർ വാഹന വാടകയിനത്തിൽ വരുന്ന ബില്ല് പാസ്സാക്കി ജില്ലാതല റോഡ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറുകയും റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രസ്തുത തുക ദേശീയപാത, കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് കൈമാറേണ്ടതുമാണ്.

വിശ്വസ്തതയോടെ
ഒപ്പ്
ചീഫ് എഞ്ചിനീയർ

/അംഗീകാരത്തോടെ/

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

fc3